എല്ലാ പഞ്ചായത്തിനു കീഴിലും പ്രവർത്തിച്ചു വരുന്ന 2000-ൽപ്പരം അക്ഷയ കേന്ദ്രങ്ങളെ സ്വതന്ത്ര സോഫ്റ്റ്വെയർ പരിശീലനം നൽകി സേവനങ്ങൾ ലഭ്യമാക്കുക എന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. തിരുവനന്തപുരത്ത് സ്ഥാപിതമായ ഐ.സി ഫോസിലൂടെ സ്വതന്ത്ര സോഫ്റ്റ്വെയറിന്റെ പുതിയ മേഖലകളെ കണ്ടെത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ചെറുകിട ഐ. ടി. പാർക്ക്

69(1322) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബി. ബാബു പ്രസാദ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തെറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. വ്യാപനം ഗ്രാമതലത്തിൽ വികസിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) സംസ്ഥാനത്തെ ഓരോ ഗ്രാമപഞ്ചായത്തിലും ഒരു ചെറുകിട ഐ. ടി. പാർക്ക് എന്ന ലക്ഷ്യം കൈവരിക്കാനായി സമയബന്ധിതമായ രൂപരേഖ തയ്യാറാക്കാൻ സാധിച്ചിട്ടുണ്ടോ ;

(സി) എല്ലാ പഞ്ചായത്തുകളിലും ടെക്നോ ലോഡ്ജുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിന് ഇതുവരെ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) ഐ.ടി. വ്യാപനം ഗ്രാമതലത്തിൽ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള ഒരു പ്രധാന പദ്ധതിയാണ് ടെക്നോലോഡ്ജ് പദ്ധതി പഞ്ചായത്തുകളിൽ ഉപയോഗത്തിലല്ലാതെ കിടക്കുന്ന സ്ഥല സൗകര്യങ്ങൾ പാട്ടത്തിന് എടുത്ത് ഐ.ടി.-ക്ക് ആവശ്യമായ സജ്ജീകരണങ്ങൾ നടത്തി ബിസിനസ്സ് തുറന്നുകൊടുക്കുന്ന ഒരു പദ്ധതിയാണ് ഇത്. ഓരോ ഗ്രാമപഞ്ചായത്തിലും ഒരു ചെറുകിട ഐ.ടി. പാർക്ക് എന്ന ലക്ഷ്യം ഇപ്പോൾ ഇല്ല. സ്ഥലം ലഭ്യമായതും അനുയോജ്യമായതുമായ പഞ്ചായത്തുകളിൽ ആരംഭിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിനകം തന്നെ 11 സ്ഥലങ്ങളിൽ ടെക്നോലോഡ്ജ് പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. ഇതിൽ കൊല്ലം ജില്ലയിലെ കടയ്ക്കലും പെരിനാടും പദ്ധതി ആരംഭിച്ചു കഴിഞ്ഞു. എറണാകുളം ജില്ലയിലെ തിരുമാറാടിയിലും കൊല്ലം ജില്ലയിലെ വെളിയത്തും പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ കെട്ടിടങ്ങൾ സജ്ജീകരിച്ചുകഴിഞ്ഞു. ബാക്കി സ്ഥലങ്ങളിലും ആരംഭിക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly